"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ആതിരപ്പള്ളി റെയിഞ്ച് 1960 തേക്ക് പ്ലാന്റേഷൻ - അനധികൃത മരം മുറി - ശ്രീ.ജി.പ്രസാദ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്കനടപടി - ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.342/2023/F&WLD തീയതി,തിരുവനന്തപുരം, 13-09-2023

---

പരാമർശം:-

1. 02.06.2022-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണ വിഭാഗം) ന്റെ ബി4/221631/2021 നമ്പർ കത്ത്.
2. 22.07.2022 തീയതിയിലെ FWLD-A1/106/2022/FWLD നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. 01.12.2022 തീയതിയായി ശ്രീ.ജിപ്രസാദ് സമർപ്പിച്ച പ്രതിവാദ പത്രിക.
4. 05.06.2023-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണ വിഭാഗം) ന്റെ ബി4/221631/2021 നമ്പർ കത്ത്.

**ഉത്തരവ്**

സൂചന(1) കത്ത് പ്രകാരം ആതിരപ്പള്ളി റെയിഞ്ചിലെ 1960 വാടാമുറി തേക്കുതോട്ടത്തിൽ നിന്നും അനധികൃതമായി മരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ ശ്രീ.ജി.പ്രസാദിനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണ വിഭാഗം) ശിപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ടിയാന് പരാമർശം(2) പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയുമുണ്ടായി. ആയതിന് ടിയാൻ പരാമർശം(3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികക്ക് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണ വിഭാഗം) പരാമർശം (4) പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ പ്രസാദ് പ്രതിവാദപത്രികയിൽ 4 കുറ്റങ്ങളും നിഷേധിച്ചിട്ടുണ്ട്. ശ്രീ പ്രസാദിന്റെ വാദങ്ങൾ അംഗീകരിക്കാൻ കഴിയില്ല എന്ന് APCCF(admin) പരാമർശം(4) കത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിഷയം സംബന്ധിച്ച കൂടുതൽ തെളിവുകൾ സ്വീകരിക്കുന്നതിനും വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനുമായി കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ഒരു

ഔപചാരികാന്വേഷണം നടത്തുന്നതിന് വനം വന്യജീവി വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ.ഷാജൻ.എ. യെ അന്വേഷണാധികാരിയായും, ഫോറസ്റ്റ് ഹെഡ് കോർട്ടേഴ്സിലെ ഭരണ വിഭാഗം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ.ശൈലേഷ്.വി.കെ യെ പ്രസെന്റിങ് ഓഫീസറായും നിയമിച്ച് ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 2 മാസത്തിനകം സർക്കാരിനു സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.ഷാജൻ.എ, വനം വന്യജീവി വകുപ്പ് അഡീഷണൽ സെക്രട്ടറി,
ശ്രീ.ശൈലേഷ്.വി.കെ, ഭരണ വിഭാഗം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഫോറസ്റ്റ് ഹെഡ് കോർട്ടേഴ്സ്
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shaji A.M.
സെക്ഷൻ ഓഫീസർ
Date: 13-09-2023 15:18:57